മിഷൻ 676-ൽ ഉൾപ്പെടുത്തിയ പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികൾ

16 (*376) ശ്രീ. എ. കെ. ബാലൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 പദ്ധതിയായി പട്ടികജാതി വികസന വകുപ്പ് പ്രഖ്യാപിച്ച വാത്സല്യനിധി, വിദ്യാജ്യോതി, സ്മൃതിവനം, വായ്പ എഴുതിത്തള്ളൽ എന്നീ പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതികൾക്കായി ബജറ്റിൽ വകയിരുത്തിയിരുന്ന തുകയും അധികമായി അനുവദിച്ച തുകയും എത്രയാണ്?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ) :

(എ) 1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 50000 രൂപ വരെ വാർഷിക വരുമാനമുള്ള മാതാപിതാക്കൾക്ക് ജനിക്കുന്ന പെൺകുട്ടികളുടെ ജീവിത സുരക്ഷ മുൻനിർത്തി ഓരോരുത്തരുടെയും പേരിൽ 18 വയസ്സ് പൂർത്തിയാകുമ്പോൾ പിൻവലിക്കാമെന്ന രീതിയിൽ 50000 രൂപ വീതം സ്ഥിരം നിക്ഷേപം നടത്തുന്നതാണ് വാത്സല്യനിധി പദ്ധതി.

2. സ്കൂൾ തലത്തിൽ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വിജയശതമാനം പൊതു വിഭാഗത്തിന് തുല്യമാക്കി ഉയർത്തുന്നതിനായി പ്രത്യേക പരിശീലനം നൽകുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് 'വിദ്യാജ്യോതി' പദ്ധതി.

3. തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള ശ്മശാനങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ നവീകരിച്ച് സംരക്ഷിക്കുന്നതിനുമുള്ള പദ്ധതിയാണ് സ്മൃതിവനം പദ്ധതി.

4. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽനിന്നും എടുത്തിട്ടുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്ന പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1. വാത്സല്യനിധി: ഐശ്വര്യശ്രീ എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഉപധനാഭ്യർത്ഥന മുഖേന പുതിയ ശീർഷകത്തിൽ ടോക്കൺ പ്രൊവിഷനായി 1000 രൂപ വകയിരുത്തിയിട്ടുണ്ട്. ഐശ്വര്യശ്രീ എന്ന പദ്ധതി വാത്സല്യനിധി എന്ന പേരിൽ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പൊതുമേഖലാ ബാങ്കുകൾ/ട്രഷറി/സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് എന്നിവിടങ്ങളിൽ നിന്നും ലഭിച്ച പ്രൊപ്പോസലുകൾ പരിശോധിച്ച് അതിൽ ഗുണഭോക്താവിന് ഏറ്റവും ഗുണകരമായത് ഏതെന്ന് ധനകാര്യ വിദഗ്ധനുമായി ചർച്ച ചെയ്ത് പരിശോധിച്ച് സമർപ്പിക്കണമെന്ന നിർദ്ദേശപ്രകാരം പട്ടികജാതി വികസന ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

2. വിദ്യാജ്യോതി : ഈ പദ്ധതിയുടെ ഭാഗമായി സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന 1,85,000 പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിനായി ഓരോരുത്തർക്കും 2000 രൂപ വീതം നൽകിക്കഴിഞ്ഞു. ഈ പദ്ധതി പ്രകാരം ഇതിനകംതന്നെ 37 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഹൈസ്കൂൾ വിഭാഗത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. ശ്മശാനങ്ങളുടെ നവീകരണം :27 ശ്മശാനങ്ങൾ ഓരോന്നും പരമാവധി 10 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി നവീകരിക്കുന്നതിന് 180.44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 10 ശ്മശാനങ്ങൾ നവീകരിക്കുന്നതിനുള്ള 140.09 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

4. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽനിന്നും എടുത്തിട്ടുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(സി) പ്രസ്തുത പദ്ധതികൾക്കായി ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിരുന്നില്ല. വാത്സല്യനിധി പദ്ധതി നടപ്പിലാക്കുന്നതിനായി 1-ാം ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 1000 രൂപ ടോക്കൺ പ്രൊവിഷനായി

LIBRARY ARCHIVES Kerala Legislative Assembly

അനുവദിച്ചിട്ടുണ്ട്. സ്മൃതിവനം പദ്ധതിക്ക് 180.44 ലക്ഷം രൂപ അനുവദിച്ചത് കോർപ്പസ് ഫണ്ടിൽനിന്നുമാണ്. വിദ്യാജ്യോതി പദ്ധതിയുടെ ഭാഗമായി 185000 പ്രൈമറി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകുന്നതിനായി 2000 രൂപ വീതം അനുവദിച്ചത് കോർപ്പസ് ഫണ്ടിൽനിന്നാണ്.

മിഷൻ 676 പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഭരണാനുമതി പുറപ്പെടുവിച്ചതും പൂറപ്പെടുവിക്കാനുള്ളതുമായ എല്ലാ പദ്ധതികൾക്കും അവ നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് റീ അപ്രോപ്രിയേഷൻ മുഖേനയോ കോർപ്പസ് ഫണ്ടിൽ നിന്നോ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്.

റുബെല്ലാ വാക്സിനേഷൻ

17 (*377) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന റുബെല്ലാ വാക്സിനേഷൻ പരിപാടിയുടെ വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത പരിപാടി മറ്റ് ഏതൊക്കെ സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ടെന്ന് അറിയാമോ; ഇത് നടപ്പാക്കാനുള്ള തീരുമാനത്തിലെത്തിയത് ഏത് ഏജൻസിയുടെ നിർദ്ദേശ പ്രകാരമാണ്; എന്തൊക്കെ കാര്യങ്ങൾ പരിഗണിച്ചിരുന്നു; എത്ര തുക ഇതിനായി നീക്കിവച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) ആൺ-പെൺ ഭേദമെന്യേ സംസ്ഥാനത്തെ എല്ലാ ശിശുക്കൾക്കും നൽകി വരുന്ന എം.എം.ആർ. പ്രതിരോധ മരുന്ന് റുബെല്ലാ രോഗത്തിനുള്ള പ്രതിരോധത്തിന് കൂടിയുള്ളതാണെന്നും അത് ഫലപ്രദമാണെന്നും വ്യക്തമാക്കിയിട്ടുള്ള പശ്ചാത്തലത്തിൽ ഇപ്പോൾ നടപ്പാക്കുന്ന റുബെല്ലാ വാക്സിനേഷന്റെ പ്രസക്തിയും ഉദ്ദേശ്യവും വ്യക്തമാക്കാമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) റുബെല്ലാ എന്ന രോഗം ഗർഭിണികൾക്ക് വന്നാൽ ഗർഭസ്ഥശിശുവിന് വൈകല്യമുണ്ടാകാനുള്ള സാധ്യതയേറെയാണ്. ഇത് പ്രതിരോധിക്കുവാനായി റുബെല്ലാ വാക്സിൻ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് സ്കൂൾ തലത്തിൽ 2013-2014 -ൽ ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി. 2013-14 വർഷം സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly